**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 171** **14-10-2024 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ക്യാൻസർ സെന്റർ നവീകരണം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ വന്നതിന് ശേഷം തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ആരംഭിക്കാൻ കഴിഞ്ഞിട്ടുള്ള അത്യാധുനിക ചികിത്സാസംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | ന്യൂറോ എൻഡോക്രൈൻ ട്യൂമറും പ്രോസ്റ്റേറ്റ് കാൻസറും കണ്ടെത്തുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ സിഎസ്ആർ ഫണ്ട് ഉപയോഗിച്ച് 50 ലക്ഷം രൂപ ചെലവിൽ ഗാലിയം ജനറേറ്റർ, K.S.I.D.C ധനസഹായത്തോടെ അതിനൂതന ചികിത്സ രീതിയായ DOTADATE/PSMA സ്കാനുകളിലൂടെ കണ്ടുപിടിക്കുന്ന ന്യൂറോ എൻഡോക്രൈൻ / പ്രോസ്റ്റേറ്റ് കാൻസറുകൾക്ക് ലൂട്ടീഷ്യം ചികിത്സ നൽകുന്ന സംവിധാനം, ബഹു: മുൻ രാജ്യസഭാ എം.പിയായ ശ്രീ. സി പി നാരായണന്റെ വികസന ഫണ്ടിൽ നിന്നും 2.60 കോടി ചിലവഴിച്ച് പ്രോസ്റ്റേറ്റ് കാൻസർ ഉൾപ്പെടെ യൂറോ-ഓങ്കോളജി റേഡിയേഷൻ ചികിത്സ ആവശ്യമുള്ള രോഗികൾക്ക് 'ഇറിഡിയം' ഉപയോഗിച്ച് ബ്രാക്കിതെറാപ്പി നൽകുന്ന സംവിധാനമായ യൂറോ- ബ്രാക്കിതെറാപ്പി യൂണിറ്റ് തുടങ്ങിയ കാൻസർ ചികിത്സ കൃത്യതയുള്ളതാക്കാൻ സഹായിക്കുന്ന അത്യാധുനിക ഉപകരണങ്ങൾ എന്നിവ ആർ സി സി യിൽ സ്ഥാപിച്ചിട്ടുണ്ട്.<br><br>19.5 കോടി മുടക്കി നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന 3T MRI സ്കാൻ, 2.5 കോടി രൂപ മുടക്കി 3D ഡിജിറ്റൽ മാമോഗ്രാഫി യൂണിറ്റ് എന്നിവയും സ്ഥാപിച്ചു.<br><br>ഈ ഹൈടെക് ഉപകരണങ്ങൾ വഴി അതീവ കൃത്യതയോടെ വളരെ വേഗത്തിൽ രോഗനിർണ്ണയം നടത്താനും അങ്ങനെ കൃത്യസമയത്തു തന്നെ കൃത്യമായ ചികിത്സ നൽകാനും കഴിയും. പ്രോസ്റ്റേറ്റ് കാൻസർ, സ്തനാർബുദം എന്നിവ സൂക്ഷ്മമായി നിർണ്ണയിക്കുന്നതിനുള്ള പ്രത്യേക സംവിധാനം ഈ പുതിയ MRI യൂണിറ്റിലുണ്ട്. MRI സ്കാൻ ചെയ്യുമ്പോൾ |

ചില രോഗികൾക്കുണ്ടാകുന്ന ''ക്ലോസ്ട്രോഫോബിയ'' യ്ക്ക് ആശ്വാസമാണ് ഈ പുതിയ മെഷീൻ. പ്രാരംഭദശയിൽത്തന്നെ സ്തനാർബുദം കണ്ടുപിടിക്കാനുള്ള നൂതന സാങ്കേതിക വിദ്യ പുതിയ മാമോഗ്രാഫി യൂണിറ്റിൽ ഉണ്ട്. സാധാരണ മാമോഗ്രാമിൽ രണ്ടു ചിത്രങ്ങൾ ലഭിക്കുമ്പോൾ ഈ ഡിജിറ്റൽ മാമോഗ്രാമിൽ 15 ചിത്രങ്ങളാണു ലഭിക്കുക. കേരളത്തിൽ ആദ്യമായാണ് ഇത്തരമൊരു മാമോഗ്രാഫി യൂണിറ്റ്. അതുപോലെ തന്നെ 1.32 കോടി രൂപ ചെലവിൽ സജ്ജമാക്കിയിട്ടുള്ള ഹൈപെക് ചികിത്സാ സംവിധാനത്തിലൂടെ ശസ്ത്രക്രിയ വഴി ട്യൂമർ നീക്കം ചെയ്തതിനു ശേഷം വയറ്റിനുള്ളിൽ കീമോതെറാപ്പി മരുന്ന് ഒരു പ്രത്യേക താപനിലയിൽ നിറക്കുന്ന ചികിത്സാ രീതി ആരംഭിച്ചിട്ടുണ്ട്. മുൻ കാലങ്ങളിൽ ചികിത്സിച്ചു ഭേദമാക്കാൻ കഴിയാതിരുന്ന പല കാൻസറുകളും ഫലപ്രദമായി ചികിത്സിക്കാൻ ഈ ആധുനിക ചികിത്സാ സങ്കേതങ്ങൾ ഉപയോഗപ്പെടുന്നു.

അതിനൂതനമായ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയുള്ള ക്ലിനിക്കൽ ലബോറട്ടറി ട്രാക്കിംഗ് സംവിധാനവും, രോഗികളുടെ സാമ്പിൾ സ്വീകരിക്കുന്നതു മുതൽ റിപ്പോർട്ട് നൽകുന്നതുവരെയുള്ള വിവിധ ഘട്ടങ്ങൾ തത്സമയം നിരീക്ഷിക്കാനും പരിശോധനകൾ പൂർണ്ണമായും ആട്ടോമേറ്റഡ് ആയി നിർവഹിക്കാനുമുള്ള സംവിധാനവും ഒരുകോടിയോളം രൂപ ചെലവിട്ട് ആർസിസിയിൽ ആരംഭിച്ചിട്ടുണ്ട്.

ആർ.സി.സിയിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 30 കോടി രൂപ ചെലവിൽ 15/01/2024-ൽ ബഹു: മുഖ്യമന്ത്രി റോബോട്ടിക് ശസ്ത്രക്രിയാ യൂണിറ്റിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ഈ അത്യാധുനിക സംവിധാനം ഉപയോഗിച്ച് ഇതുവരെ 35 സർജറികൾ ചെയ്തിട്ടുണ്ട്. കേരളത്തിലെ ആദ്യത്തേതും സൗത്ത് ഇന്ത്യയിലെ നാലാമത്തേതുമായ ഡബിൾ കൺസോൾ റോബോട്ടിക് സിസ്റ്റം ആണ് ആർ സി സി യിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. ഒരേസമയം രണ്ട് സർജന്മാർക്കു ഈ സിസ്റ്റം ഉപയോഗിക്കാവുന്നതാണ്. ശസ്ത്രക്രിയാ മേഖലയിലെ സമീപകാല വികാസമാണ് സർജിക്കൽ റോബോട്ടിക് സിസ്റ്റം. കഴിഞ്ഞ ദശകത്തിൽ ശസ്ത്രക്രിയാ രംഗത്തെ ഏറ്റവും നൂതനമായ മാറ്റം റോബോട്ടിക് സർജറിയുടെ ആരംഭമാണ്. ഇത് മനുഷ്യശരീരത്തിലെ ആക്സസ് ചെയ്യാൻ പ്രയാസമുള്ള ഭാഗങ്ങളിലുള്ള സർജറി നടപടിക്രമങ്ങൾ എളുപ്പമാക്കുകയും ശസ്ത്രക്രിയാ

| | | | |
|---|---|---|---|
| | | | മുറിവുകളുടെ ക്ഷതം കുറച്ച് ശസ്ത്രക്രിയയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്നു. ഓപ്പൺ സർജറി, ലാപ്രോസ്കോപ്പിക് സർജറി എന്നിവയുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ ചികിത്സാ രീതി മികച്ച ഫലങ്ങൾ നൽകുമെന്ന് തെളിയിച്ചിട്ടുണ്ട്. വേദന കുറയുക, അണുബാധയുടെയും സങ്കീർണതകളുടെയും കുറവ്, കുറഞ്ഞ രക്തനഷ്ടം, ചെറിയ ആശുപത്രിവാസം, ചെറിയ മുറിവുകൾ മൂലമുള്ള പാടുകൾ, രോഗിക്ക് സാധാരണ പ്രവർത്തനങ്ങളിലേക്ക് വേഗത്തിൽ മടങ്ങിവരൽ എന്നിവയുടെ പ്രയോജനം ഇത് പ്രദാനം ചെയ്യുന്നു. മൊത്തത്തിൽ, ഫീൽഡ് സർജറിയിൽ പ്രത്യേകിച്ച് ലോകമെമ്പാടുമുള്ള കാൻസർ സർജറിയിലെ സമീപകാല സംഭവങ്ങളുമായി പൊരുത്തപ്പെടാനും അതിനൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്താനും ഈ ഉപകരണം സഹായിക്കുന്നു. ലാപ്രോസ്കോപ്പിക്, റോബോട്ടിക്, എൻഡോസ്കോപ്പിക് സർജറികളുടെ രൂപത്തിലുള്ള മിനിമൽ ആക്സസ് സർജറി ഒരു പ്രധാന വിധത്തിൽ രോഗാവസ്ഥ കുറയ്ക്കുന്നു. |
| (ബി) | ആർ.സി.സി.യുടെ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും പശ്ചാത്തല സാങ്കേതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ; | (ബി) | ആർസിസിയുടെ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും പശ്ചാത്തല സാങ്കേതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br><u>പശ്ചാത്തല വികസനം:</u><br><br>പുതിയ 14 നില കെട്ടിടം<br><br>ആർസിസിയിലെ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുമായി 14 നിലകളുള്ള പുതിയ കെട്ടിട നിർമ്മാണം ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്. അത്യാധുനിക സൗകര്യങ്ങളോടുകൂടിയ 26,038 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള കെട്ടിടം 187.22 കോടി രൂപ ചെലവിലാണ് നിർമിക്കുന്നത്. ഇതിനായി 2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിൽ 2100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 80 ശതമാനം നിർമ്മാണ പ്രവൃത്തിയും പൂർത്തിയായി. നിലവിലെ ഷെഡ്യൂൾ പ്രകാരം 3 മാസത്തിനുള്ളിൽ ഫിനിഷിംഗ് ജോലികൾ പൂർത്തിയാക്കാനാകുമെന്നു പ്രതീക്ഷിക്കുന്നു.<br><br>റീജിയണൽ കാൻസർ സെന്ററിൽ നിർമ്മാണം പൂർത്തിയായി വരുന്ന 14 നില കെട്ടിടത്തിൽ സജ്ജമാക്കുന്ന ആധുനിക സൗകര്യങ്ങളുടെ വിവരങ്ങൾ ചുവടെ വിവരിച്ചിരിക്കുന്നു: |

ഗ്രൗണ്ട് ഫ്ലോർ

അത്യാധുനിക സജീകരണങ്ങളോട്ട കൂടിയുള്ള റേഡിയോ തെറാപ്പി മെഷീൻ (2 എണ്ണം), സി ടി സിമുലേറ്റർ , എം ആർ ഐ മെഷീൻ , മൈനർ ഓപ്പറേഷൻ തീയേറ്റർ

ഒന്നാം നില

ആധുനിക രീതിയിലുള്ള മൈക്രോ ബയോളജി ലാബുകൾ, രക്ത ബാങ്ക്.

രണ്ടാം നില

ന്യൂക്ലിയർ മെഡിസിൻ വിഭാഗം - അയഡിൻ തെറാപ്പി ചികിത്സയ്ക്ക് വേണ്ടിയുള്ള റൂമുകൾ (17 എണ്ണം).

മൂന്നാം നില

34 കിടക്കകളുള്ള ലുക്കിമിയ വാർഡ്, 9 കിടക്കകളുള്ള ഐ സി യു, ഹീമോ ഡയാലിസിസ് യൂണിറ്റ്.

നാലാം നില

ആധുനിക സജീകരണങ്ങളോട്ട കൂടി 10 കിടക്കകളുള്ള ബോൺ മാരോ ട്രാൻസ്പ്ലാനറ്റേഷൻ യൂണിറ്റ്.

അഞ്ചാം നില

നൂതന സാങ്കേതിക വിദ്യകളോട് കൂടിയ ഓപ്പറേഷൻ തീയേറ്ററുകൾ 6 എണ്ണം, 14 കിടക്കകളുള്ള സർജറി ഐ സി യു.

ആറാം നില, ഏഴാം നില

പേ വാർഡുകൾ - 33 മുറികൾ, 40 കിടക്കകളുള്ള ജനറൽ വാർഡ്

രണ്ടാം കാംപസ് നിർമാണം:

കേരള സർക്കാർ ആർ.സി.സിയുടെ വികസനത്തിനായി പുലയനാർകോട്ടയിൽ 11.68 ഏക്കർ ഭൂമി ആർ സി സി യുടെ രണ്ടാമത്തെ ക്യാമ്പസ് നിർമ്മാണത്തിനായി അനുവദിച്ച് നൽകിയിട്ടുണ്ട് . ഇതിനായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി 2023-24 ബജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. രണ്ടാം ക്യാംപസിലെ കെട്ടിട നിർമ്മാണത്തിനുവേണ്ടി ആർക്കിടെക്ചറൽ, എഞ്ചിനീയറിംഗ് കൺസൾട്ടൻസി സേവനങ്ങൾക്കായി കൺസൾട്ടൻറുമാരെ തിരഞ്ഞെടുക്കുന്നതിനുള്ള താല്പര്യപത്രം തയ്യാറാക്കുന്ന പ്രവൃത്തി പുരോഗമിക്കുകയാണ്.

| | | | |
|---|---|---|---|
| | | | പുലയനാർകോട്ടയിൽ സർക്കാർ അനുവദിച്ച സ്ഥലത്ത് ആർ സി സി യുടെ രണ്ടാം ക്യാമ്പസിന്റെ സമഗ്രമായ വികസനത്തിനായി 1293 കോടി രൂപ ചെലവ് വരുന്ന പ്രൊപോസൽ തയ്യാറാക്കി വികസിത് ഭാരത് 2047 പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.<br><br><u>ആധുനിക സൗകര്യങ്ങളോടുകൂടിയ വിശ്രമകേന്ദ്രം:</u><br><br>കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നും നിന്നും അന്യസംസ്ഥാനങ്ങളിൽ നിന്നും അതിരാവിലെ തന്നെ ആർ.സി.സിയിൽ എത്തുന്ന രോഗികളുടെയും സഹായികളുടെയും ആവശ്യം മനസ്സിലാക്കിയാണ് പുതിയ വിശ്രമാലയം രൂപ കല്പന ചെയ്തിട്ടുള്ളത്. 5000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഈ സേവന കേന്ദ്രത്തിൽ ക്ലോക്ക് റൂം, കഫറ്റേരിയ, ഫ്രീ ഡ്രഗ് ബാങ്ക്, കമ്മ്യൂണിറ്റി ഫാർമസി, കോഫിഷോപ്പ്, എ.ടി.എം, അത്യാധുനിക ശുചിമുറികൾ, വീഡിയോവാൾ തുടങ്ങി വിശ്രമത്തിനും വിനോദത്തിനുമുള്ള സൗകര്യങ്ങൾ വളരെ പ്രൊഫഷണലായിട്ടാണ് സജ്ജീകരിച്ചിരിക്കുന്നത്. |
| (സി) | അർബുദ ചികിത്സ തേടുന്നവരുടെ എണ്ണത്തിലുണ്ടായിട്ടുള്ള വർദ്ധനവിനനുസരിച്ച് ഡോക്ടർമാരെയും പാരാമെഡിക്കൽ, മിനിസ്റ്റീരിയൽ ജീവനക്കാരെയും നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ആർ.സി.സിയിലെ മെഡിക്കൽ ഡോക്ടർമാരുടെ നിയമനങ്ങൾ ഇപ്പോൾ ആർ സി സി നേരിട്ടാണ് നടത്തിവരുന്നത്. അതനുസരിച്ച്, ഒഴിവുകൾ നികത്തുന്ന നടപടി സ്വീകരിച്ചു വരുന്നു.<br><br>നിലവിൽ അക്കാഡമിക് തസ്തികകളിലേക്കുള്ള നിയമനങ്ങൾ നടത്തുന്നതിനുള്ള പ്രക്രിയ അവസാനഘട്ടത്തിലാണ്.<br><br>നോൺ അക്കാഡമിക് കേഡറിലേക്കുള്ള (പാരാമെഡിക്കൽ, മിനിസ്റ്റീരിയൽ ഉൾപ്പെടെയുള്ള) നിയമനങ്ങൾ ആവശ്യാനുസൃതമായി ആർ സി സി ഇപ്പോൾ നടപടിക്രമങ്ങൾ പാലിച്ച് കരാറടിസ്ഥാനത്തിലാണ് നടത്തിവരുന്നത്.<br><br>നിർമ്മാണം പൂർത്തിയായി വരുന്ന പുതിയ 14 നില കെട്ടിടം പ്രവർത്തന സജ്ജമാക്കുന്നതിന് ആവശ്യമായിട്ടുള്ള ജീവനക്കാരെ നിയമിക്കുന്നതിന് , സ്ഥിരം തസ്തികകൾ അനുവദിക്കുന്നത് വരെ ഡോക്ടർമാരുൾപ്പെടെയുള്ള ജീവനക്കാരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | കേരള ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം ആർ.സി.സി.യിലെ നിയമനങ്ങൾ കെ.പി.എസ്.സി.യ്ക്ക് കൈമാറിയിട്ടുണ്ടോ; ഇത് | (ഡി) | ആർ.സി.സിയുടെ നിയമനങ്ങൾ കേരള ഗസറ്റ് നോട്ടിഫിക്കേഷൻ (S.R.O.No.437/2019 dated 29/06/2019 G.O.(P)No. 59/2019/H&FWD) |

| | | | |
|---|---|---|---|
| | സംബന്ധിച്ച സ്പെഷ്യൽ റൂൾ ആർ.സി.സി. അധികൃതർ സർക്കാരിന് കൈമാറിയിട്ടുണ്ടോ; ഇതിന് പി.എസ്.സി. യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | | പ്രകാരം കേരള പി.എസ്.സി (PSC) യ്ക്ക് കൈമാറിയിട്ടുണ്ട്. തുടർന്ന്, ഡോക്ടർമാർ ഒഴികെയുള്ള ജീവനക്കാരുടെ ഡ്രാഫ്റ്റ് സ്പെഷ്യൽ റൂൾസ് തയ്യാറാക്കി ആർ.സി.സി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാരിന്റെ പരിഗണനയിലാണ്.<br><br>അക്കാദമിക് കേഡറിലെ (മെഡിക്കൽ ഡോക്ടർസ്) ജീവനക്കാരുടെ ഡ്രാഫ്റ്റ് സ്പെഷ്യൽ റൂൾസ് 25/07/2022-ലെ ഗവേർണിംഗ് ബോഡി അംഗീകരിക്കുകയും അക്കാദമിക് കേഡറിലെ നിയമനങ്ങൾ കൂടി കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നടത്തണമെന്ന് തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് അക്കാദമിക് കേഡറിലെ (മെഡിക്കൽ ഡോക്ടർസ്) ജീവനക്കാരുടെ ഡ്രാഫ്റ്റ് സ്പെഷ്യൽ റൂൾസ് 19/08/2022-ൽ സർക്കാരിന്റെ അംഗീകാരത്തിനായി ലഭ്യമായിട്ടുണ്ട്<br><br>ഡ്രാഫ്റ്റ് സ്പെഷ്യൽ റൂൾസ്-ന് സർക്കാരിന്റെ അംഗീകാരം ലഭിച്ച് കഴിഞ്ഞാൽ ആർ.സി.സി യിലെ നിയമനങ്ങൾ കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യാൻ കഴിയുന്നതാണ്.<br><br>നിലവിൽ ആർ സി സി സമർപ്പിച്ച സ്പെഷ്യൽ റൂൾസിന് പി എസ് സി യുടെ അംഗീകാരം ലഭിച്ചിട്ടില്ല. |
| (ഇ) | നിലവിലുള്ള ഒഴിവുകൾ നികത്തി പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഇ) | ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ പാലിച്ച് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ